പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 447 — 19.03.2013 -ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാനുള്ള കർമ്മ പദ്ധതി**

ചോദ്യം

ശ്രീ. വർക്കല കഹാർ
" ഷാഫി പറമ്പിൽ
" വി. റ്റി. ബൽറാം
" ഹൈബി ഈഡൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | ഡീസൽ വിലവർദ്ധനവ് മൂലം പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഡ്രൈവർമാർ ഉൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ ഇന്ധന ക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപ ഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്. കൂടാതെ ബസ്സുകളിൽ ടിക്കറ്റ് പരിശോധന ശക്തമാക്കുന്നതിനും കോർപ്പറേഷനിൽ ശക്തമായ സാമ്പത്തിക അച്ചടക്കം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഡീസൽ വില വർദ്ധനവുമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.യ്ക്ക് രണ്ട് മാസത്തേക്ക് ടി ഇനത്തിൻ അധിക ബാദ്ധ്യതയായി വരുന്ന 28 കോടി രൂപ ഗ്രാന്റ് ഇനത്തിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ 25 കോടി രൂപ അധിക സഹായമായി കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ ഭരണാനുമതി നൽകി ഉത്തരവിട്ടിട്ടുണ്ട്. |
| (സി) | ഡീസലിന്റെ കേന്ദ്ര സബ്സിഡി പിൻവലിച്ചതുമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (സി) | താത്ക്കാലികമായി രണ്ട് മാസത്തേക്കുള്ള അധിക ബാദ്ധ്യതയായ 28 കോടി രൂപ സർക്കാർ കെ.എസ്.ആർ.ടി.സി. ക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) | ശാശ്വതപരിഹാരമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ വാങ്ങുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനും, വ്യക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിക്കുകയും, ആ സമിതിയുടെ ശുപാർശകളിൻ മേൽ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ